LIBRARY ARCHIVES Kerala Legislative Assembly

പോലീസ് വകുപ്പിലെ ഡ്രൈവർ നിയമനം

179 (2999) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ഡ്രൈവർ തസ്തികയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ ലിസ്റ്റ് നിലവിലുണ്ടെന്ന് പറയാമോ ;

(ബി) റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ നികത്തുവാൻ കാലതാമസം വരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും അതു പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള ഏതെങ്കിലും ജില്ലയിൽ താൽക്കാലികമായി ജോലി ചെയ്യുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം നടപടികൾ ഒഴിവാക്കി നിലവിലുള്ള മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. എല്ലാ ബറ്റാലിയനുകളിലെയും ലിസ്റ്റ് നിലവിലുണ്ട്.

(ബി&സി) ഇല്ല.

(ഡി) പിരിവ് 'സി' ക്കുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പോലീസ് ഉദ്യോഗസ്ഥർ എതിർകക്ഷികളാകുന്ന കേസുകൾ

180 (3000) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥർ എതിർകക്ഷികളാകുന്ന കേസുകൾ സർക്കാർ ശ്രദ്ധിക്കാറുണ്ടോ ;

(ബി) കോടതി വെറുതെവിട്ട കേസുകളുടെ നടത്തിപ്പിനുവേണ്ടി ചെലവായ തുക സർക്കാർ ഉദ്യോഗസ്ഥർക്ക് നൽകാറുണ്ടോ ;

(സി) 1993-95 കാലയളവിൽ നോർത്ത് പറവൂർ സർക്കിൾ ഇൻസ്പെക്ടറായിരുന്ന ശ്രീ. എസ്. ഗോപിനാഥന് സി.സി. 229/94 പ്രകാരം കോടതി അലക്ഷ്യ കേസ് നടത്തിയതുമായി ബന്ധപ്പെട്ട് ചെലവായ തുക അനുവദിക്കാനുണ്ടോ ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ ;